പോലീസ് വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ കുറവ്

80 (736)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസുകാരുടെ എണ്ണത്തിന് ആനുപാതികമായി മിനിസ്റ്റീരിയൽ ജീവനക്കാരില്ലാത്തതിനാൽ പോലീസുകാരുടെ സർവ്വീസ് കാര്യങ്ങളിൽ കാലവിളംബം വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആവശ്യമായ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കാതിരുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് വകുപ്പിൽ ശമ്പള സംബന്ധമായ ജോലികൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടും മിനിസ്റ്റീരിയൽ ജീവനക്കാരെ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ നിയോഗിക്കാതിരുന്നതിന്റെ കാരണമെന്ത്;

(ഡി) പോലീസിൽ മൂവായിരത്തോളം പോലീസുകാർ പോലീസിതര ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ അവരെ പ്രസ്തുത ജോലികളിൽ നിന്നും ഒഴിവാക്കുമോ;

(ഇ) പോലീസിൽ പി.ആന്റ്.എ.ആർ.ഡി.ശുപാർശ പ്രകാരം ഒ.ആന്റ് എം അനുവദിക്കുവാനുള്ള മിനിസ്റ്റീരിയൽ ജീവനക്കാരുടെ തസ്തിക അനുവദിച്ച് ജോലി ഭാരം ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കാസർഗോഡ് ജില്ലാ പോലീസ് ആഫീസിൽ മാനേജർ തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുകളിലെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകി കംപ്യൂട്ടർ പ്രവർത്തിപ്പിക്കുവാൻ നിയോഗിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) ഇപ്പോൾ നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകളുടെ വെളിച്ചത്തിൽ ഇക്കാര്യത്തിലുള്ള നടപടികൾ മാറ്റി വച്ചിരിക്കുകയാണ്.

ശ്രീനാരായണഗുരു മന്ദിരങ്ങൾ

81 (737)ശ്രീമതി ശോഭനനാജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ശ്രീനാരായണഗുരു മന്ദിരങ്ങൾ തകർക്കുന്നത് തടയുന്നതിന് സർക്കാർ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രീ നാരായണഗുരു മന്ദിരങ്ങൾക്കു നേരെയുള്ള ആക്രമണം തടയുന്നതിനായി ഗുരുദേവ പ്രതിമകൾ, മന്ദിരങ്ങൾ തുടങ്ങിയവയുടെ പ്രത്യേക ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കി ടി സ്ഥലങ്ങളിൽ പെട്രോളിംഗ് ശക്തമാക്കുകയും ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ പോലീസ് പിക്കറ്റ് സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആഹ്ലാദപ്രകടനം നടത്തിയവർക്കെതിരെ ആക്രമണം

82 (738)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിലെ ചിതറ നിയോജകമണ്ഡലത്തിൽ 2000-ാമാണ്ട് ഏപ്രിൽ മാസത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയിച്ചത് ഏത് കക്ഷിയുടെ സ്ഥാനാർത്ഥിയാണ്;

(ബി) ഈ വിജയത്തിൽ ആഹ്ലാദ പ്രകടനം നടത്തിയവർ അക്രമിക്കപ്പെടുകയുണ്ടായോ; ആരെല്ലാമാണ് ആക്രമിക്കപ്പെട്ടത്;

(സി) അക്രമിച്ചവർ ആരാണ്; അവർ ഏതു കക്ഷിയിൽപ്പെട്ടവരാണ്;

(ഡി) ആക്രമണം നടത്തിയവർക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ;

(ഇ) അവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(എഫ്)ഈ കേസ്സിന്റെ ഇപ്പോഴത്തെ നിലയെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോൺഗ്രസ്സ് (ഐ) സ്ഥാനാർത്ഥിയാണ് വിജയിച്ചത്.

(ബി)-(എഫ്) ആഹ്ലാദ പ്രകടനം നടത്തിയവരിൽ അബ്ദുൽ ലത്തീഫ്, ശിഹാബുദ്ദീൻ, യൂസഫ്, ബൈജു എന്നിവർ ആക്രമിക്കപ്പെടുകയുണ്ടായി. സംഭവത്തോടനുബന്ധിച്ച് കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ 143/2000 നമ്പരായി ഒരു കേസ്സെടുത്ത് അന്വേഷണം നടത്തിവരുകയാണ്.

കേസ്സന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറുവാൻ നടപടി

83 (739)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലെ ചെറിയ കൊണ്ണി മണമ്പൂർ ശ്രീ. എസ്. ഗിരീശന്റെ ഭാര്യ ശ്രീമതി ബിന്ദു 22/5/1998-ൽ മരണപ്പെട്ട കാര്യത്തെ സംബന്ധിച്ച് ശ്രീമതി ബിന്ദുവിന്റെ പിതാവ് പേയാട് പുളിയറക്കോണം, നാറക്കോട് തെക്കിൻകര പുത്തൻവീട്ടിൽ ശ്രീ. എ. വസന്തൻനായർ അന്വേഷണം ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ടോ;

(ബി) 4/7/1998-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു നൽകിയ പരാതിയിൽ സ്വീകരിച്ച നടപടിയെപ്പറ്റി വ്യക്തമാക്കുമോ;

(സി) ഈ കേസ്സ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly